മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ഇവിടെ ഉന്നയിച്ച നിലയിലുള്ള പരാതികൾ ഗവൺമെന്റിന്റെ മുമ്പാകെയില്ല. മരുന്നിനെ സംബന്ധിച്ചുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടില്ല. നേരെമറിച്ച് ഫോർട്ട്കൊച്ചിയിൽ സൂപ്രണ്ടില്ലായെന്ന് അറിയിച്ചു. രണ്ട് തസ്തികയൊഴികെയുള്ളിടത്ത് സൂപ്രണ്ടിനെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. പള്ളുരുത്തി ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെയും റേഡിയോഗ്രാഫറുടേയും തസ്തികയൊഴികെയുള്ളത് നിയമിച്ചിട്ടുണ്ട്. അത് സാധാരണ ചികിൽസക്ക് തടസ്സമായി വരുകയില്ല. 100 ബെഡ്ഡിന്റെ ബ്ലോക്കിന് സാംഗ്ഷൻ ഉണ്ടെങ്കിലും അതിന്റെ പണി തുടങ്ങിയിരുന്നതാണ്. പണത്തിന്റെ കുറവുകൊണ്ടാണ് നടക്കാത്തത്. ഏതായാലും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇത് ഉന്നയിച്ചു. ഈ സഭയിൽ ഇങ്ങനെ ഉന്നയിക്കുന്നത് ആക്ഷേപമല്ല. ഇങ്ങനെ ഉന്നയിക്കുന്നയവസരത്തിൽ പ്രത്യേകമായി ശ്രദ്ധിക്കാനും നടപടി ഉടനടി സ്വീകരിക്കാനും സാധിക്കുന്നുണ്ട്. അതുകൊണ്ടായിരിക്കണം സഭയിൽ കൂടെകൂടെ ഉന്നയിക്കുന്നത്. ഡെപ്യൂട്ടി സ്പീക്കർ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കാൻ കഴിയും.

VI. പ്രസ്താവന

ജീവനക്കാരെ അന്വേഷണം കൂടാതെ പിരിച്ചുവിടാമെന്ന കോടതി വിധി

ശ്രീ. ഇ. കെ. നയനാർ : സർ, അടുത്തകാലത്ത് പൊതുതാല്പര്യത്തിന്റെ പേരിൽ സംസ്ഥാനത്തിലെയോ, കേന്ദ്രത്തിലെയോ ജീവനക്കാരെ യാതൊരു അന്വേഷണവും കൂടാതെ പിരിച്ചുവിടാമെന്ന് സുപ്രീംകോടതിയുടെ വിധിയുണ്ടായി. ഞാൻ വിധിയെപ്പറ്റി പരാമർശിക്കുകയല്ല. ഇത് ഗൗരവപൂർവ്വം കണക്കിലെടുക്കണം. സമകാല സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾക്കും, സ്വാഭാവിക നീതിക്കും നിരക്കാത്ത ഈ വിധി ജസ്റ്റിസ് ചന്ദ്രചൂഡ് ജൂലൈ 11-ാം തീയതി പുറപ്പെടുവിച്ചതായി കണക്കാക്കപ്പെടുന്നുവെങ്കിലും ജൂലൈ 24-ാം തീയതിയാണ് അത് പ്രകാശം കണ്ടത്. ഭരണഘടന 311(2) (ബി) അനുച്ഛേദത്തിന് പുതുതായി ഒരു വ്യാഖ്യാനം നൽകിക്കൊണ്ടാണ് കോടതിവിധി ഉണ്ടായിട്ടുള്ളത്. വിധിയുടെ ഫലമായി അന്വേഷണം കൂടാതെ ഒരു ജീവനക്കാരനെ പിരിച്ചുവിടാൻ ഭരണഘടന 311(2) (ബി) അനുച്ഛേദം രണ്ടു സാഹചര്യങ്ങൾ വിഭാവന ചെയ്യുന്നുണ്ട്. ഒന്നാമതായി അയാൾ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിരിക്കണം. രണ്ടാമതായി രാഷ്ട്രത്തിന്റെ സെക്യൂരിറ്റിക്ക് അപകടകരമായ പ്രവർത്തനം അദ്ദേഹം ചെയ്യണം. എന്നാൽ ഇപ്പോഴത്തെ വിധി 311 (2) (ബി) അനുച്ഛേദ പ്രകാരം അന്വേഷണം പ്രായോഗികമല്ലെന്ന് അധികാരസ്ഥാപനത്തിന് ബോദ്ധ്യം വരികയാണെങ്കിൽ അത് കാര്യകാരണസഹിതം രേഖപ്പെടുത്തിയതിനുശേഷം നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാതെയും അന്വേഷണം കൂടാതെയും ഉദ്യോഗസ്ഥനെ പിരിച്ചുവിടാം. സുപ്രീം കോടതി വിധിയുണ്ടാകാൻ രണ്ടുകാരണങ്ങൾ ചൂണ്ടിക്കാണിച്ചു. പുതിയ വിധിന്യായം കൊണ്ട് കറപ്ഷന്റേയും കാര്യക്ഷമതയില്ലായ്മയുടേയും പേരിൽ ഒരു എൻക്വയറി പോലും നടത്താതെ ജീവനക്കാരനെ പിരിച്ചുവിടാം. ഇതിനെ സംബന്ധിച്ച് ഹിന്ദുവിൽ കൊടുത്തിട്ടുണ്ട്.

Government Servants who are inefficient, dishonest or corrupt or have become a security risk should not continue in service and should be summarily dismissed or removed from service instead of being allowed to continue in it at public expense and to public detriment. ഇതിനോട് നാലുപേർ അനുകൂലിക്കുകയും ഒരാൾ വിയോജിക്കുകയും ചെയ്തു. ജസ്റ്റിസ് താക്കർ പറഞ്ഞത്

While the majority held that the decision in Chellappan's case was not correct and never held the field, Mr. Justice Thakkar said the case had rightly been decided. ഭരണഘടനാ ബാഹ്യമായ വാക്കുകൾ കൂടി കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു വിധിയാണ് ഇത്. കേന്ദ്ര-സംസ്ഥാന ജീവനക്കാരെ വിശേഷിച്ചും റെയിൽവേ, പി ആൻഡ് ടി, പോലീസ് തുടങ്ങിയ ജീവനക്കാരെ അന്വേഷണം കൂടാതെ പിരിച്ചുവിടാം. ഭരണഘടന 311 (2) (ബി) അനുച്ഛേദപ്രകാരം ഒരാളെ പിരിച്ചുവിടുമ്പോൾ അയാൾക്ക് പറയാനുള്ളത് കേൾക്കണമെന്നുണ്ട്. 1975-ൽ പുറപ്പെടുവിച്ച ചെല്ലപ്പൻകേസിലെ സുപ്രീംകോടതി വിധിയെ ഓവർറൂൾ ചെയ്തുകൊണ്ടുള്ള വിധിയാണിത്. എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ടല്ല വിധി കല്പിച്ചതെന്ന് പ്രസ്തുത വിധിയിൽ വിയോജനക്കുറിപ്പെഴുതിയ ജസ്റ്റിസ് താക്കർ തന്നെ പറഞ്ഞു. സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിലെ നാല് അംഗങ്ങൾ ചേർന്നെഴുതിയ വിധിന്യായത്തോട് അദ്ദേഹത്തിന് യോജിപ്പുണ്ടായിട്ടില്ല. ചെല്ലപ്പൻകേസിലെ വിധിയെ മറികടന്നുകൊണ്ടുള്ളതാണ് ഈ വിധിയെന്ന് അദ്ദേഹം വിയോജിപ്പ് രേഖപ്പെടുത്തിയിരിക്കുകയാണെന്ന് പത്രങ്ങൾ പറയുന്നു. വിധിക്ക് മൂന്നു മണിക്കൂർ മുമ്പാണ് ബാക്കിയുള്ളവരുടെ അഭിപ്രായം കിട്ടിയത് എന്ന് അദ്ദേഹം പറഞ്ഞു. ആ വിധിയെപ്പറ്റി പത്രങ്ങളിലും ലോകസഭയിലും വന്നതാണ്. ഐ. എൻ. ടി. യു. സി. നേതാക്കന്മാരടക്കം ഇത് ലോകസഭയിൽ പരാമർശിച്ചു. ഇതിനെ സംബന്ധിച്ച് ആയിരക്കണക്കിന് കേസുകൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. ഇത്തരം ഒരു വിധി ജീവനക്കാരെ പ്രതികൂലമായി ബാധിക്കും. അന്വേഷണം നടത്താതെ ജീവനക്കാരെ പിരിച്ചുവിടാമെന്നുള്ള വിധി പോലീസ് ഡിഫൻസ് എംപ്ലോയീസ്, റയിൽവേ മുതലായവയിലെ ജീവനക്കാരുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്നതാണ്. അതുകൊണ്ട് ഈ കാര്യം കേന്ദ്രമന്ത്രിസഭയും ഈ സഭയും ഗൗരവപൂർവ്വമായി പരിഗണിച്ച് അഭിപ്രായം രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. വി. താമരാക്ഷൻ:</u> അതിന് മറുപടി പറഞ്ഞില്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: ഇത് സുപ്രീം കോടതിയുടെ വിധിയാണ്. അതിനെപ്പറ്റി പാർലമെന്റിൽ ചില മെമ്പർമാർ റെയ്സ് ചെയ്തിരുന്നു. പ്രതിപക്ഷ നേതാവ് അത് ശ്രദ്ധയിൽ കൊണ്ടുവന്നുവെന്നേയുള്ളൂ. അല്ലാതെ അത് ഇവിടെ പ്രശ്നമല്ല.

VII. റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 21-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. സീതിഹാജി : സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 1984-86-ലെ 21-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. സി. വാസുദേവമേനോൻ : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 86-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, പി. എ. സി. റിപ്പോർട്ടിനെപ്പറ്റി ചർച്ച ചെയ്യണം.

മിസ്റ്റർ സ്പീക്കർ: ശ്രീ. സി. വാസുദേവമേനോൻ പി. എ. സി. യുടെ ചെയർമാനെന്ന നിലയിൽ ഇത് സംബന്ധിച്ച് സ്റ്റേറ്റുമെന്റിന് അനുവാദം ചോദിച്ചു. ചെയർ അദ്ദേഹത്തോട് വേണ്ടായെന്ന് ഉപദേശിച്ചു. സാധാരണ ചർച്ച ചെയ്യുന്ന പതിവ് ഇവിടെ വന്നിട്ടില്ല. ചർച്ച ചെയ്യണമെന്ന അഭിപ്രായം ശില്പശാലയിൽ വന്നിട്ടുണ്ട്. അത് ശില്പശാല ഇംപ്ലിമെന്റേഷൻ കമ്മിറ്റി കൂടി തീരുമാനിക്കും. അത് ഒരു തുടക്കമാക്കേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

VIII. സ്റ്റാറ്റ്യൂട്ടറി പ്രമേയം

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്റ്റ് കേരള സംസ്ഥാനത്ത് സ്വീകരിക്കേണ്ടതാണെന്ന താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"മൃഗചികിൽസ സംബന്ധിച്ച പരിശീലനവും പ്രാക്ടീസും ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അഥവാ അതിനു സഹായകവും ആനുഷംഗികവും ആയതോ ആയ എല്ലാ കാര്യങ്ങൾക്കുവേണ്ടിയും ഭാരതം മുഴുവൻ ഒരു ഏകീകൃത നിയമം ഉണ്ടായിരിക്കേണ്ടത് അഭിലഷണീയമാണെന്ന് ഈ സഭ കരുതുന്നതിനാലും:

LIBRARY ARCHIVES Kerala Legislative Assembly